മെഡിസിൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 17-8-2009-ലെ സർക്കാർ ഉത്തരവുപ്രകാരം 4-6-2009-ലെ സർക്കാർ ഉത്തരവ് തൽക്കാലം നടപ്പാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയുണ്ടായി. ആയതിനുശേഷം 21-2-2010-ലെ സർക്കാർ ഉത്തരവുപ്രകാരം നിശ്ചിതയോഗ്യതയുള്ള മറ്റാർ ക്കേഡിയിലെ പാരമ്പര്യ ആയുർവ്വേദ വൈദ്യന്മാരും അംഗീകൃത യോഗ്യതയില്ലാത്ത പേരാമ്പിയോപ്പതി ചികിത്സകരെയും രജിസ്ട്രേഷൻ എടുക്കണമെന്നുള്ള വ്യവസ്ഥ യിൽനിന്ന് ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ ഡബ്ല്യു.പി.(സി.)നമ്പർ6579/2011, 12533/2011 എന്നീ കേസ്സുകളിലെ ഇടക്കാല ഉത്തരവിലൂടെ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് സ്റ്റേ നിലവിലുണ്ട്. ഈ സാഹചര്യം കണക്കിലെടുത്ത് പാരമ്പര്യ സിദ്ധന്മാരിൽ പ്രവർത്തിച്ചുവരുന്ന സിദ്ധ വൈദ്യന്മാർക്ക് ചികിത്സ നടത്തുന്നതിനുള്ള അനുമതി നൽകണമെന്നുള്ള ആവശ്യം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

14. ജില്ലാ ആശുപത്രിയായി ഉയർത്തൽ

10.50.AM] ശ്രീ. കെ. അജിത് : സർ, വൈക്കം താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയുടെ പരിധിയിലേക്ക് ഉയർത്തണമെന്നതാണ് എന്റെ സബ്മിഷൻ. 1893-ൽ വൈക്കത്ത് സർക്കാർ ആശുപത്രി സ്ഥാപിക്കുകയും ഏതാണ്ട് 6 ഏക്കറോളം സ്ഥലത്ത് ഇതിന്റെ പ്രവർത്തനം നടത്തുകയും ചെയ്യുകയാണ്. കുമരകം, പേർത്തല, എറണാകുളം ജില്ലയുടെ തെക്കൻ പ്രദേശങ്ങളിൽ പനിപോലുള്ള രോഗങ്ങൾ ബാധിക്കുന്ന സീസണുകളിൽ 2000-ത്തിലധികം രോഗികളാണ് അവിടത്തെ ഒ.പി.-യിൽ വരാറുള്ളത്. സാധാരണ നിലയിൽ 1300-1500 രോഗികൾ വരെ ദിനംപ്രതി വരുന്നുണ്ട്. ഇപ്പോൾ അവിടെ 19 സ്ഥിരം ഡോക്ടർമാരും 4 താൽക്കാലിക ഡോക്ടർമാരുമുണ്ട്. കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലഘട്ടത്തിൽ നടപ്പിലാക്കുന്ന കാഷ്വാലിറ്റി ബ്ലോക്ക്, തിയേറ്റർ, അമ്മയും കുഞ്ഞും ആശുപത്രി എന്നിവയുടെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെനിന്നും കോട്ടയം മെഡിക്കൽ കോളേജിലേക്ക് 32 കിലോമീറ്റർ ദൂരമാണുള്ളത്. സമാനമായ ദൂരം തന്നെയാണ് ആലപ്പുഴ മെഡിക്കൽ കോളേജിലേക്കും എറണാകുളത്തെ സഹകരണ ആശുപത്രികളിലേക്കുമുള്ളത്. ഇവിടെവച്ച് രോഗികൾക്ക് എന്തെങ്കിലും അപകടം സംഭവിച്ചുകഴിഞ്ഞാൽ എത്തിപ്പെടാൻ സാധ്യതയില്ലാത്തതുകൊണ്ടും അവിടെ അത്യാധുനികമായ ചികിത്സാ സൗകര്യങ്ങളില്ലാത്തതുകൊണ്ടും നിരവധി രോഗികൾ മരണമടയുകയാണ്. ആക്സിഡന്റ് ഉണ്ടായിക്കഴിഞ്ഞാൽ കോട്ടയം മെഡിക്കൽ കോളേജിലേക്ക് എത്തുന്നരോഗി വഴിമദ്ധ്യേ മരിക്കുന്ന നിരവധി സംഭവങ്ങളുണ്ടായിട്ടുണ്ട്. ഇപ്പോൾ പി.ഡബ്ല്യു.ഡി.-യുടെ ബിൽഡിംഗ്സ് വിഭാഗം 8 നില കെട്ടിടത്തിന്റെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് വൈക്കത്തെ ഒരുപാട് രോഗികൾ ആശ്രയിക്കുന്ന ഈ താലൂക്ക് ആശുപത്രിയെ (കോട്ടയം ജില്ലാ ആശുപത്രിയെ ഇപ്പോൾ ജനറൽ ആശുപത്രിയായി ഉയർത്തിയ സാഹചര്യത്തിൽ ജില്ലാ ആശുപത്രിയുടെ റോക്കൻസി കിടക്കുകയാണ്) ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും അനുകൂലമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി(ശ്രീ. വി. എസ്. ശിവകുമാർ): സർ, 1893-ൽ സ്ഥാപിക്കപ്പെട്ട ആ മേഖലയിലെ ഒരു പ്രധാനപ്പെട്ട ആശുപത്രിയാണ് വൈക്കം താലൂക്ക് ആശുപത്രി. 272 കിടക്കകളുള്ള വൈക്കം താലൂക്കാശുപത്രിയിൽ പ്രതിദിനം ശരാശരി ഒ.പി. 1200-ഉം ഐ.പി. 150-ഉം ആണ്. അവിടെ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടിയുള്ള പല പദ്ധതികളും നടന്നുകൊണ്ടിരിക്കുകയാണ്. മദർ ആന്റ് ചിൽഡ്രൻ വാർഡിന് 10 കോടിരൂപ അനുവദിക്കുകയും അതിന്റെ ടെണ്ടർ നടപടികൾ കഴിയുകയും ചെയ്തിട്ടുണ്ട്. നിർമ്മാണപ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്. കാഷ്വാലിറ്റി ബ്ലോക്കിൽ 2.50 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, റേഡിയോളജി ഡിപ്പാർട്ടുമെന്റ്, 1.50 കോടിരൂപയുടെ ഓപ്പറേഷൻ തിയേറ്റർ തുടങ്ങിയവയുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളെല്ലാം പുരോഗതിയിലാണ്. 23 ഡോക്ടർമാരുൾപ്പെടെ 157 തസ്തികകൾ അനുവദിച്ചിട്ടുണ്ട്; അതിൽ 4 ഡോക്ടർമാരുടെ ഒഴിവുണ്ട്. അഡ്മേറാക്ക് വ്യവസ്ഥയിലും എൻ.ആർ.എച്ച്.എം. മുഖേനയും പ്രസ്തുത ഒഴിവുകൾ നികത്തിയിട്ടുണ്ട്. വൈക്കം താലൂക്കാശുപത്രിയിൽ കാർഡിയോളജിയൂണിറ്റ് അനുവദിക്കുന്നതിന് ഒരു ഓർത്തോപീഡിക് ഡോക്ടറുടെ നിയമനം നടത്തുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുൻ കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും 50 ലക്ഷം രൂപ ചെലവിട്ട് നിർമ്മിക്കുന്ന ഡയഗ്നോസ്റ്റിക്സ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. നേരത്തെ പൂണ്ടിക്കാണിച്ചതുപോലെ ഈ ആശുപത്രിയോടു ചേർന്ന് ഡബ്ല്യു. ആന്റ് സി-ക്കുവേണ്ടി 10 കോടി രൂപയുടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ വൈക്കം താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തണമെന്നാവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട നിവേദനം സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

10.52.AM

VII റിപ്പോർട്ട് സമർപ്പണം

1. സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട് സമർപ്പണം

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം മാണി): സർ, മദ്യാസക്തിക്കും മയക്കുമരുന്നുപയോഗത്തിനുമെതിരായി വിവിധ സർക്കാർ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട ബോധവൽക്കരണ/പ്രചരണ പരിപാടികൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ടും 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും ഞാൻ സമർപ്പിക്കുന്നു.

10.54.AM